**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **28-01-2026 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പ് മുഖാന്തിരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>1) CADP - സുലഭ ഗാർഡൻസ് – മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 160-ന് 39 ലക്ഷം രൂപ അനുവദിച്ചു.<br><br>2) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം വഴി പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റ് ആരംഭിക്കുന്ന പദ്ധതി പ്രകാരം പച്ചക്കറി ശേഖരണ കേന്ദ്രം ആരംഭിക്കുന്നതിനായി മാടപ്പള്ളി സർവ്വീസ് സഹകരണ സംഘം ലി. നം. 160-ന് ധനസഹായം അനുവദിച്ചു. 10 ലക്ഷം രൂപ ചെലവഴിച്ചു.<br><br>3) കോവിഡ് ധനസഹായം ചങ്ങനാശ്ശേരി മുൻസിപ്പൽ വനിതാ സഹകരണ സംഘം ലി. നം. 964-ന് മാസ്ക്, ക്യാരി ബാഗ് സ്റ്റിച്ചിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി ധനസഹായം അനുവദിച്ചു. 5 ലക്ഷം രൂപ ചെലവഴിച്ചു.<br><br>4) സഹകരണ സംഘങ്ങളിലെ രോഗബാധിതരായ അംഗങ്ങൾക്ക് അംഗസമാശ്വാസ പദ്ധതി മുഖേന ധനസഹായം അനുവദിച്ചു. 87,70,000/- രൂപ ചെലവഴിച്ചു.<br><br>5) വിവിധ സഹകരണ സംഘങ്ങളിലെ നീതി മെഡിക്കൽ സ്റ്റോറുകൾക്കും, സംഘങ്ങളിലെ പ്രവർത്തനങ്ങൾക്കുമായി ഗവൺമെന്റ് ഷെയർ ഇനത്തിൽ തുകകൾ അനുവദിച്ചു. 56,12,200/- രൂപ ചെലവഴിച്ചു.<br><br>6) സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളായിരുന്ന അശരണരായ ദുരിത |

| | | | |
|---|---|---|---|
| | | | ബാധിതർക്ക് സഹകാരി സാന്ത്വനം പദ്ധതി പ്രകാരം 2,00,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>7) ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി ആവിഷ്കരിച്ച മുറ്റത്തെ മുല്ല പദ്ധതി പ്രകാരം സഹകരണ ബാങ്കുകൾ വഴി വായ്പ വിതരണം ചെയ്തുവരുന്നു.<br><br>ഇതു കൂടാതെ കുടിശ്ശിക നിവാരണം, ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി, പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനം, സർക്കാരിന്റെ 100 ദിന പരിപാടികൾ, ഹരിതം സഹകരണം, വിദ്യാതരംഗിണിവായ്പ എന്നിവയും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. സഹായഹസ്തവായ്പ, നൈപുണ്യശേഷി വായ്പ, സൗരജ്യോതി വായ്പ എന്നിവയുടെ സംസ്ഥാനതല ഉദ്ഘാടനം ചങ്ങനാശ്ശേരി നിയമസഭാ മണ്ഡലത്തിലത്തിലെ കുറിച്ചിയിൽ വച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും വിവിധ ബാങ്കുകളിൽ ടി വായ്പ വിതരണം നടത്തുകയും ചെയ്തു. തണ്ണീർ പന്തൽ, 500 ഏക്കർ കൃഷി, സാമൂഹ്യസുരക്ഷ പെൻഷൻവിതരണം, നിക്ഷേപ സമാഹരണം എന്നീ പദ്ധതികളും വിവിധ സഹകരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ